**പതിനാലാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3665** 20/10/2016 -ൽ മറുപടിയ്ക്ക്

# സ്കൂൾ കുട്ടികളിൽ ജൈവ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.വി. ജോയി : | പ്രൊഫ.സി.രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സ്കൂൾ കുട്ടികളിൽ ജൈവ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) കാർഷിക രംഗത്ത് വിദ്യാർത്ഥികൾക്കുള്ള അറിവും അഭിരുചിയും പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായി സ്കൂളുകളിൽ ജൈവവൈവിധ്യ പാർക്കുകൾ സ്ഥാപിക്കുന്നതിന്റെ സംസ്ഥാന തല ഉദ്ഘാടനം 2016 ആഗസ്റ്റ് 17 ന് തിരുവനന്തപുരം ജില്ലയിലെ ധനുവച്ചപുരത്ത് നടന്നു. ഈ പദ്ധതി സംസ്ഥാനത്തെ സ്കൂളുകളിൽ ഒട്ടാകെ നടപ്പാക്കുന്നതിനാവശ്യമായ നടപടികൾ തുടർന്നു വരുന്നു. ജൈവ പച്ചക്കറികളുടെ ഉൽപാദനവും ഇതുമായി ബന്ധപ്പെട്ട് നടപ്പാക്കാവുന്നതാണ്. കൃഷി വകുപ്പുമായി സഹകരിച്ച് തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ, ഇപ്പോൾ തന്നെ പച്ചക്കറി കൃഷി നടപ്പാക്കി വരുന്നുണ്ട്.<br><br>സ്കൂൾ ക്യാമ്പസുകൾ ജൈവവൈവിധ്യ പാർക്കുകളാക്കുന്നതിനും വിദ്യാർത്ഥികൾക്ക് ജൈവ പച്ചക്കറി കൃഷി, വികേന്ദ്രീകൃത മാലിന്യസംസ്കരണ സംവിധാനം, ജല സംരക്ഷണം തുടങ്ങിയ ആശയങ്ങളിൽ അവബോധം വർദ്ധിപ്പിക്കുന്നതിനും തദ്വാരാ പരിസ്ഥിതി-സൗഹൃദ സംസ്കാരം പ്രോത്സാഹിപ്പിക്കുന്നതിനുമായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണെന്ന, നാഷണൽ ബയോഡൈവേഴ്സിറ്റി ബോർഡിന്റെ നിർദ്ദേശം എല്ലാ ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൽമാരെയും അറിയി |

ച്ചിട്ടുണ്ട്.

വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ തലത്തിൽ വിവിധ ഏജൻസികളുടെ സഹകരണത്തോടെ വിദ്യാർത്ഥികൾക്ക് പച്ചക്കറി വിത്തുകൾ വിതരണം നടത്തുന്നുണ്ട്. സ്കൂളുകളിൽ ലഭ്യമായ സൗകര്യത്തിൽ ജൈവ പച്ചക്കറി കൃഷികൾ ചെയ്യുന്നതിനുള്ള ശ്രമങ്ങൾ നടന്നു വരുന്നു.

(ബി) മികച്ച രീതിയിൽ ജൈവ പച്ചക്കറി ഉത്പാദിപ്പിക്കുന്ന കുട്ടികൾക്ക് കലാ-കായികമത്സരങ്ങളിൽ വിജയിക്കുന്ന കുട്ടികൾക്ക് നൽകുന്നതുപോലുള്ള ഗ്രേസ് മാർക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

(ബി) ഇപ്പോൾ പരിഗണനയിലില്ല.

Sreedevi

സെക്ഷൻ ഓഫീസർ